# സോഷ്യൽ സ്റ്റോക്ക്എക്സ്ചേഞ്ച് പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ

## സാമൂഹിക ലക്ഷ്യത്തിന്റെ തത്വം

1. **എന്താണ് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് (എസ്എസ്ഇ)?**

   ഉത്തരം: ഓഹരി വിപണി സംവിധാനത്തിലൂടെ സോഷ്യൽ എന്റർപ്രൈസസിന് (സോഷ്യൽ എന്റർപ്രൈസസിനെക്കുറിച്ച് കൂടുതൽ വിവരങ്ങളറിയാൻ ചോദ്യം 2 കാണുക)പൊതുജനങ്ങളിൽ നിന്ന് ധനസമാഹരണത്തിന് സഹായിക്കുന്ന നിലവിലെ ഓഹരി വിപണിയുടെ തന്നെമറ്റൊരു വിഭാഗമാണ് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച്(എസ്എസ്ഇ). എസ്എസ്ഇ സോഷ്യൽ എന്റർപ്രൈസുകൾക്കും നിക്ഷേപകർക്കും ഇടയിൽ മധ്യവർത്തിയായി പ്രവർത്തിക്കുന്നു. സോഷ്യൽ എന്റർപ്രൈസുകളുടെ സാമൂഹ്യ സ്വാധീനം അളക്കുന്നതിനും സ്വാധീനംമനസിലാക്കാനും അത്തരത്തിലുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനും എസ്എസ്ഇ സഹായിക്കുന്നു.നിശ്ചിത തരത്തിലുള്ള സോഷ്യൽ എന്റർപ്രൈസസ് അതായത്  നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻസ്അഥവാ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾ (എൻപിഒ) രജിസ്ട്രേഷനുള്ള മാനദണ്ഡങ്ങൾപാലിക്കപ്പെടുന്നുണ്ടെങ്കിൽ  (ചോദ്യം 9 രജിസ്ട്രേഷൻ മാനദണ്ഡങ്ങളറിയുന്നതിന് കാണുക) എസ്എസ്ഇയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യപ്പെടുന്നസോഷ്യൽ എന്റർപ്രൈസുകൾ തങ്ങളുടെ സാമൂഹ്യ സ്വാധീനത്തെക്കുറിച്ച് നിരന്തരം റിപ്പോർട്ട്ചെയ്യേണ്ടതായി വരും. രജിസ്റ്റർ ചെയ്ത എൻപിഒകൾ എസ്എസ്ഇ വഴി ധനസമാഹരണം നടത്തുകയോ നടത്താതിരിക്കുകയോ ചെയ്യാവുന്നതാണ്. എങ്കിലും അവർക്ക്  എസ്എസ്ഇയിൽ അവരുടെ സാമൂഹ്യ സ്വാധീനത്തെപറ്റി റിപ്പോർട്ട് നൽകുന്നത് തുടരേണ്ടതായി വരും.

2. **സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൻറെ കാഴ്ച്ചപാടിൽ എന്താണ് സോഷ്യൽ എന്റർപ്രൈസ്?**
   **അഥവാ**
   **ഏത് സ്ഥാപനങ്ങൾക്കാണ് സോഷ്യൽ എന്റർപ്രൈസ് എന്ന്  സ്വയം നിർണയിക്കാവുന്നത്?**

   ഉത്തരം: ഗുണകരമായി സാമൂഹ്യ സ്വാധീനം ചെലുത്തുന്നവയും സാമൂഹിക ലക്ഷ്യത്തിന്റെ തത്വം പാലിക്കുകയും ചെയ്യുന്ന രണ്ട് തരം സ്ഥാപനങ്ങളെയാണ് സോഷ്യൽ എന്റർപ്രൈസ് എന്ന നിലയിൽ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് പരിഗണിക്കുന്നത്.

i. നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻസ് അഥവാ ലാഭേച്ഛയില്ലാത്ത സ്ഥാപനങ്ങൾ (വിശദവിവരങ്ങൾക്ക് ചോദ്യം 5 കാണുക)

ii. ഫോർ പ്രൊഫിറ്റ് എന്റർപ്രൈസ് അഥവാ ലാഭത്തിന് വേണ്ടിയുള്ള സോഷ്യൽ എന്റർപ്രൈസ് (വിശദവിവരങ്ങൾക്ക് ചോദ്യം6കോണുക)

സാമൂഹിക ലക്ഷ്യത്തിന്റെ തത്വം നിർണയിക്കുന്നതിന് ഏത് സ്ഥാപനമായാലും [നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ എന്ന എൻപിഒ, അല്ലെങ്കിൽ ഫോർ പ്രൊഫിറ്റ് സോഷ്യൽ എന്റർപ്രൈസ് എന്ന എഫ് പി ഇഎെസിഡിആർ റഗുലേഷന്റെ 292ഇ(2) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതുണ്ട്. 292ഇ(2)(എ) യ്ക്ക് കീഴിൽ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായിരിക്കണം  സ്ഥാപനങ്ങൾ.സ്ഥാപനങ്ങൾ ലക്ഷ്യം വെയ്ക്കുന്നത് പാർശ്വവത്കരിക്കപ്പെട്ടതോ സേവനാനുകൂല്യങ്ങൾ പരിമിതമായി മാത്രം ലഭിക്കുന്ന സമൂഹത്തെയോ, സാമൂഹ്യമായ അംഗീകാരം കുറവ് മാത്രം കൽപ്പിക്കപ്പെടുന്ന സമൂഹത്തെയോ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വികസന മുൻഗണന നൽകിയിട്ടുള്ളവയിൽ വളരെ ദുർബലമായ പ്രകടനം കാഴ്ച്ച വെയ്ക്കുന്ന പ്രദേശങ്ങളെയോ ആയിരിക്കണം.

ഇത് കൂടാതെ സോഷ്യൽ എന്റർപ്രൈസ് എന്ന നിലയിൽ അംഗീകരിക്കപ്പെടുന്നതിന് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെ67 ശതമാനം പ്രവർത്തനങ്ങളും ലക്ഷ്യം വെയ്ക്കുന്ന സമൂഹത്തിന് വേണ്ടിയുള്ളതും താഴെ പറയുന്നതിൽ ഏതെങ്കിലും നിബന്ധനകളെ പാലിക്കുന്നതുമായിരിക്കണം:

i. ലക്ഷ്യം വെയ്ക്കുന്ന സമൂഹത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നിന്ന് ലഭിച്ചതായിരിക്കണം 67 ശതമാനം വരവും. തൊട്ട് മുൻപുള്ള മൂന്ന് വർഷത്തെ ശരാശരി വരവിന്റെ 67 ശതമാനമായിരിക്കും കണക്കാക്കപ്പെടുക;

അല്ലെങ്കിൽ

ii. തൊട്ട് മുൻപുള്ള 3 വർഷങ്ങളിലെ ശരാശരി ചെലവിന്റെ 67 ശതമാനം ലക്ഷ്യം വെച്ച സമൂഹത്തിന് വേണ്ടിയുള്ള പ്രവർത്തനത്തിന് വേണ്ടി ചെലവഴിച്ചതായിരിക്കണം;

അല്ലെങ്കിൽ

iii. ഉപഭോക്താക്കളുടെയോ ഗുണം ലഭിക്കുന്നവരുടെയോ എണ്ണം തൊട്ട് മുൻപ് 3 വർഷത്തെ ശരാശരിയുടെ 67 ശതമാനവും ലക്ഷ്യം വെയ്ക്കുന്ന സമൂഹത്തിൽ നിന്നുള്ളവരായിരിക്കണം. .

എന്നാൽ കോർപറേറ്റ് ഫൗണ്ടേഷനുകൾ, രാഷ്ട്രീയ മത സംഘടനകളും പ്രവർത്തനങ്ങളും, പ്രൊഫഷണൽ-ട്രേഡ് അസോസിയേഷനുകൾ, ഇൻഫ്രാസ്ട്രക്ച്ചർ കമ്പനികൾ, ഹൗസിങ് കമ്പനികൾ (അഫോഡബിൾ ഹൗസിങ് ഒഴിച്ച്),എന്നിവ സോഷ്യൽ എന്റർപ്രൈസ് എന്ന നിലയിൽ കണക്കാക്കപ്പെടുകയില്ല.

**3. സോഷ്യൽ എന്റർപ്രൈസിന് വ്യക്തമാക്കേണ്ടി വരുന്ന ഏറ്റവും ചുരുങ്ങിയ യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?**

ഉത്തരം. വിവിധഅന്താരാഷ്ട്ര, ദേശീയ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഏറ്റവും കുറഞ്ഞ യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. പ്രധാനമായും വെളിവാക്കപ്പെടേണ്ടിവരുന്ന മാനദണ്ഡങ്ങളുടെ ഘടകങ്ങൾ ഇവയാണ്:

i. **സെക്ഷൻ 1 – ലക്ഷ്യ നിർണ്ണയവും സമീപന ഉദ്ദേശവും**
   (a) സാമൂഹ്യ പ്രശ്നം പരിഹരിക്കുന്നതിന്
   (b) ലക്ഷ്യം വെയ്ക്കുന്ന സമൂഹത്തിൻറെ സേവനത്തിന്
   (c) പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട സമീപനം

ii. **സെക്ഷൻ2-സാമൂഹ്യ സ്വാധീനത്തിന്റെ സ്കോർ കാർഡ്**
   (a) ലക്ഷ്യം വെച്ച സമൂഹത്തിൽ എത്രമാത്രം പേർക്ക് സേവനം ലഭിച്ചു
   (b) ഓരോ വ്യക്തിയിന്മേലുമുള്ള പ്രഭാവം തീവ്രമാക്കുക
   (c) വരുമാനം, സാമൂഹ്യ തുല്യത, വൈവിധ്യം എന്നിവയിൽ കൈവരിച്ച മാറ്റം

iii. **സെക്ഷൻ3-പൊതു വിവരങ്ങൾ**
   (a) ഭരണസമിതിയിലെഅംഗങ്ങൾ
   (b) മുൻകാല ധനമാർഗങ്ങളുടെ വെളിപ്പെടുത്തൽ

(c) ലൈസൻസ്, ചട്ടങ്ങൾ, ധനസ്ഥിതി

**4. ഏത് സോഷ്യൽ എന്റർ പ്രൈസുകളാണ് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യാൻ അയോഗ്യതയുള്ളവ, അല്ലെങ്കിൽ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് വഴി ധനസമാഹരണം നടത്താൻ യോഗ്യതയില്ലാത്തവ?**

ഉത്തരം.സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യാനോ അത് വഴി ധനസമാഹരണം നടത്താനോ യോഗ്യതയില്ലാത്ത സോഷ്യൽ എന്റർ പ്രൈസസ് .–

ഈവിധമാണെങ്കിൽ

a) സെക്യൂരിറ്റി മാർക്കറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ നിന്ന് സ്ഥാപനത്തിന്റെ പ്രോമോട്ടർമാർക്കോ, പ്രോമോട്ടർ ഗ്രൂപ്പിനോ, ഡയറക്ടർമാർക്കോ, വിൽപ്പന നടത്തുന്ന ഷെയർ ഹോൾഡറിനോ (പ്രൊഫിറ്റ് സോഷ്യൽ എന്റർപ്രൈസിനെ സംബന്ധിച്ച്) ട്രസ്റ്റിയ്ക്കോ സെബിയുടെ വിലക്ക് ഉണ്ടെങ്കിൽ

b) സെക്യൂരിറ്റി മാർക്കറ്റിൽ പ്രവേശിക്കുന്നതിൽ നിന്ന് വിലക്കുള്ള സോഷ്യൽ എന്റർ പ്രൈസിന്റെയോ കമ്പനിയുടെയോ ഡയറക്ടറോ പ്രോമോട്ടറോ മറ്റൊരു സോഷ്യൽ എന്റർപ്രൈസിന്റെ ട്രസ്റ്റിയോ പ്രമോട്ടറോ ഡയറക്ടറോ ആയി വരുന്നത്;

c) സോഷ്യൽ എന്റർപ്രൈസോ, അതിൻറെ ഏതെങ്കിലും ട്രസ്റ്റിയോ പ്രോമോട്ടറോ ഡയറക്ടറോ ദുരുദ്ദേശ പൂർവം വായ്പ തിരിച്ചടക്കാതിരിക്കുന്നവരോ, തട്ടിപ്പിലൂടെ വായ്പനേടിയവരോ ആണെങ്കിൽ

d) പ്രോമോട്ടർമാരോ, ഡയറക്ടർമാരോ ട്രസ്റ്റികളോ സാമ്പത്തിക കുറ്റവാളിയായി അഭയാർത്ഥിപദവിയിലുള്ളവരാണെങ്കിൽ

e) ആഭ്യന്തര മന്ത്രാലയമോ മറ്റ് ഏതെങ്കിലും കേന്ദ്ര സംസ്ഥാന മന്ത്രാലയങ്ങളോ ചാരിറ്റബിൾ കമ്മീഷനുകളോ മറ്റേതെങ്കിലും നിയമ സംവിധാനങ്ങളോ പ്രവർത്തനങ്ങളിൽ നിന്നോ ധനസമാഹരണത്തിൽ നിന്നോ വിലക്കിയ സോഷ്യൽ എന്റർപ്രൈസുകളാണെങ്കിൽ; സോഷ്യൽ എൻറർ പ്രൈസുകളുടെ ഏതെങ്കിലും ഡയറക്ടർമാരോ, പ്രോമോട്ടർമാരോ, ട്രസ്റ്റികളോ മേൽ പറഞ്ഞ സംവിധാനങ്ങളിൽ നിന്ന് വിലക്ക് നേരിടുന്നവർ ആണെങ്കിൽ

**5. സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ പശ്ചാത്തലത്തിൽ എന്താണ് നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ?**
**അല്ലെങ്കിൽ**
**ഏത് തരം സ്ഥാപനമാണ് നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ എന്ന് നിർണയിക്കപ്പെടാവുന്നത് ?**

ഉത്തരം: സോഷ്യൽ എന്റർപ്രൈസ് എന്ന നിലയിൽ നിർണയിക്കപ്പെടുന്ന (ചോദ്യം 2 കാണുക) നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ ഇവയാണ് :

i. ബന്ധപ്പെട്ട സംസ്ഥാനത്ത് നിയമത്തിന് കീഴിൽ രൂപീകരിച്ചിരിക്കുന്ന ചാരിറ്റബിൾ ട്രസ്റ്റ്;

ii. സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 (1860 ൽ 21) പ്രകാരം രജിസ്റ്റർചെയ്യിരിക്കുന്ന ചാരിറ്റബിൾ സൊസൈറ്റീസ്

iii. കമ്പനിസ് ആക്ട് 2013 ( 2013ൽ 18) പ്രകാരം സെക്ഷൻ 8 കീഴിൽ വരുന്ന കമ്പനികൾ ;

iv. സെബി വ്യക്തമാക്കിയിരിക്കുന്ന മറ്റ് സ്ഥാപനങ്ങൾ ;

**6. സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ പശ്ചാത്തലത്തിൽ എന്താണ് ഫോർ പ്രൊഫിറ്റ് സോഷ്യൽ എന്റർപ്രൈസസ്? അല്ലെങ്കിൽ ഏത് തരം സ്ഥാപനമാണ് ഫോർ പ്രൊഫിറ്റ് സോഷ്യൽ എന്റർപ്രൈസസ് എന്ന് നിർണയിക്കപ്പെടാവുന്നത്?**

ഉത്തരം: സോഷ്യൽ എന്റർപ്രൈസ് മാനദണ്ഡപ്രകാരം (ചോദ്യം2 കാണുക) ഫോർ പ്രൊഫിറ്റ് എന്റർപ്രൈസ് എന്ന നിലയിൽ നിർണയിക്കപ്പെട്ടിരിക്കുന്നവ ചുവടെ പറയുന്ന മാനദണ്ഡങ്ങളിലൊന്നെങ്കിലും പാലിക്കുന്നവയായിരിക്കും:

i. കമ്പനീസ് ആക്ട് 2013 ന് കീഴിൽ ലാഭത്തിനായി പ്രവർത്തിക്കുന്ന കമ്പനികൾ, എന്നാൽ കമ്പനീസ് ആക്ട് 2013ലെ (2013ൽ18) സെക്ഷൻ 8 കീഴിൽ വരുന്നതല്ലാത്ത കമ്പനികൾ

ii. ലാഭത്തിനായി പ്രവർത്തിക്കുന്ന കോർപറേറ്റ് സ്ഥാപനങ്ങൾ

**7. നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിലൂടെ ധനസമാഹരണം നടത്തുന്നതിനുള്ള വഴികൾ ഏതെല്ലാം?**

ഉത്തരം: സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ശേഷം നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷന് ധനസമാഹരണം നടത്താവുന്നതാണ്.

i. സീറോ കൂപ്പൺ സീറോ പ്രിൻസിപൾ ഇൻസ്ട്രുമെന്റ്സ് പുറത്തിറക്കുക വഴി (പ്രത്യേക വ്യക്തികളെയോ വിഭാഗത്തെയോ ഉദ്ദേശിച്ചുള്ള പ്രൈവറ്റ് പ്ലെയ്സ്മെന്റോ, പൊതു വിഭാഗത്തിനുള്ള പബ്ലിക് പ്ലെയ്സ്മെന്റോ ആകാമിത്).

ii. മ്യൂച്ചൽ ഫണ്ട് സ്കീമുകൾ പ്രകാരമുള്ള ഡൊണേഷനുകൾ [സെബി വ്യക്തമാക്കിയിട്ടുള്ളത് പ്രകാരം]

iii. ഭാവിയിൽ സെബി കൈക്കൊള്ളുന്ന നിർദേശങ്ങൾ പ്രകാരം

**8. നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻസ് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് വഴി ധനസമാഹരണം നടത്തുന്നതിന് രജിസ്റ്റർ ചെയ്യണമെന്നത് നിർബന്ധമാണോ?**

ഉത്തരം: അതെ, സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് വഴി ധനസമാഹരണം നടത്തുന്നതിന് രജിസ്റ്റർ ചെയ്യണമെന്നത് നിർബന്ധമാണ്.

എന്നാൽ നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻസിന് നിയമപരമായി മറ്റ് മാർഗങ്ങളിലൂടെ ധനസമാഹരണം നടത്തുന്നത് തുടരാവുന്നതാണ്. സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യേണ്ടതിട്ടുണ്ടോ ഇല്ലയോ എന്നത് മറ്റ് നിയമമാർഗങ്ങളിലൂടെയുള്ള ധനസമാഹരണത്തിന് ബാധകമല്ല.

**9. നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർചെയ്യാനുള്ള മാനദണ്ഡങ്ങൾ?**

ഉത്തരം: സെബി 2022 സെപ്റ്റംബർ 19ന് പുറപ്പെടുവിച്ച സർക്കുലർ കാണുക, നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻസ് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്നതിന് പാലിക്കപ്പെടേണ്ട ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എൻപിഒയ്ക്ക് കുറഞ്ഞത് മൂന്ന് വർഷം പ്രായമായിരിക്കണം, ഇൻകം ടാക്സ് ആക്ട് പ്രകാരം 12 എ, 12എഎ, 12എബി എന്നീ സെക്ഷനുകൾക്ക് കീഴിലായി സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം, 80ജി രജിസ്ട്രേഷൻ യോഗ്യതയുള്ളതായിരിക്കണം. വാർഷികമായി 50 ലക്ഷം ഇന്ത്യൻ രൂപയെങ്കിലും ചെലവാക്കിയിരിക്കണം, മുൻ വർഷം കുറഞ്ഞ് 10 ലക്ഷം രൂപയെങ്കിലും ധനസമാഹരണം നടത്തിയിരിക്കണം.

ഇത് കൂടാതെ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിന് നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ രജിസ്ട്രേഷനായി അധികമാനദണ്ഡങ്ങൾ നിശ്ചയിക്കാനും അനുവാദമുണ്ട്.

**10. നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ ലിസ്റ്റിങ്ങിന് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ?**

ഉത്തരം.നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ ലിസ്റ്റിങ്ങിന് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഐസിഡിആർ റഗുലേഷൻ 292 എഫ് പ്രകാരമുള്ള രജിസ്റ്ററേഷന്റെആവശ്യമില്ല. എന്നാൽ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് വഴി ധനസമാഹരണം നടത്തുന്നതിന് രജിസ്റ്റർ ചെയ്യണമെന്നത് നിർബന്ധമാണ്.

സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നത് മറ്റ് നിയമമാർഗങ്ങളിലൂടെയുള്ള ധനസമാഹരണത്തിന് ബാധകമല്ല. രജിസ്റ്റർ ചെയ്തോ അല്ലാതെയോ ധനസമാഹരണം നടത്താവുന്നതാണ്.


**11. സ്റ്റോക്ക് എക്സ്ചേഞ്ച് സംവിധാനത്തിലൂടെ നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷന്റെ ഏത് തരത്തിലുള്ള ധന ഉത്പന്നങ്ങളാണ് പുറപ്പെടുവിക്കുന്നത്?**

ഉത്തരം. താഴെ പറയുന്ന സെക്യൂരിറ്റികളോ/ മാർഗങ്ങളോ ആണ് എൻപിഒകൾ നൽകിവരുന്നത്:

i. **ഡവലപ്മെന്റ് ഇംപാക്ട് ബോണ്ട്**- മുൻ കൂട്ടി നിശ്ചയിച്ച നിരക്കിലും മാനദണ്ഡപ്രകാരവും ഒരു പദ്ധതിയുടെ പൂർത്തിയാക്കലുമായി ബന്ധപ്പെട്ടതാണിത്. പദ്ധതിയുടെ സേവന ദാതാവിന് "ഔട്ട് കം ഫണ്ടർ"മാരിൽ നിന്ന് ഗ്രാൻറ് ലഭിക്കുന്നു.

   ഡിഐബിയുടെ അടിസ്ഥാന തത്വം മുൻ കൂട്ടി നിശ്ചയിച്ച നിരക്കിലും ചെലവിലും മാനദണ്ഡ പ്രകാരവും പദ്ധതി പൂർത്തിയാകുന്നതിന് ശേഷം എൻപിഒകൾക്ക് ഗ്രാന്റ് നൽകുന്നതാണ്. ഇവിടെ പദ്ധതി പൂർത്തീകരണത്തിന് ശേഷം ധനസഹായം നൽകുന്ന ദാതാവിനെ "ഔട്ട് കം ഫണ്ടർ" എന്ന് വിളിക്കുന്നു. മുൻ നിശ്ചയിച്ചത് പ്രകാരമാണ് ഔട്ട് കം ഫണ്ടർ ധനസഹായം നൽകുക. എൻപിഒകൾ പ്രവർത്തനത്തിനായി ധനം കണ്ടെത്തേണ്ടി വരും. അത്തരത്തിൽ പ്രവർത്തനത്തിന് ധനം നൽകുന്ന ദാതാവിനെ "റിസ്ക് ഫണ്ടർ" എന്ന് വിളിക്കുന്നു. റിസ്ക് ഫണ്ടർ മുൻ നിശ്ചിച്ച വ്യവസ്ഥകൾ പ്രകാരം മാത്രമല്ല ധന സഹായം നൽകുന്നത്

എൻപിഒകൾ ഉറപ്പ് നൽകിയിട്ടുള്ള മാനദണ്ഡങ്ങൾ




പാലിക്കാതെയിരുന്നാലുള്ള പ്രത്യാഘാതങ്ങളുടെ ഫലവും അനുഭവിക്കേണ്ടി വരും.ഈ വെല്ലുവിളി ഏറ്റെടുക്കുന്നതിന്റെപ്രതിഫലമായി റിസ്ക് ഫണ്ടർ മുൻ നിശ്ചയിച്ച മാനദണ്ഡ പ്രകാരം പദ്ധതി പൂർത്തിയാക്കിയാൽ അതിൽ നിന്ന് ചെറിയ നേട്ടം സ്വന്തമാക്കുന്നു.

**12. ഫോർ പ്രൊഫിറ്റ് സോഷ്യൽ എന്റർപ്രൈസസിന് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് വഴി ധനസമാഹരണം നടത്തുന്നതിന് രജിസ്റ്റർ ചെയ്യണമെന്നത് നിർബന്ധമാണോ?**

ഉത്തരം:ഇല്ല,ഫോർ പ്രൊഫിറ്റ് സോഷ്യൽ എന്റർപ്രൈസസിന് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് വഴി ധനസമാഹരണം നടത്തുന്നതിന് രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല. എങ്കിലും ഐസിഡിആർ ചട്ടങ്ങൾ പൂർണമായും ഫോർ പ്രൊഫിറ്റ് സോഷ്യൽ എന്റർപ്രൈസസിന് പാലിച്ചിരിക്കണം, എഐഎഫ് ചട്ടങ്ങൾ (ധനസമാഹരണ മാർഗങ്ങൾ സംബന്ധിച്ചവ) എസ്എസ്ഇ വഴി ധനസമാഹരണം നടത്തുന്നതിന് പാലിക്കേണ്ടതാണ്.

**13. ഫോർ പ്രൊഫിറ്റ് സോഷ്യൽഎന്റർപ്രൈസസ് എങ്ങനെയാണ് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് വഴി ധനസമാഹരണം നടത്തുന്നത്?**

ഉത്തരം:ഫോർ പ്രൊഫിറ്റ് സോഷ്യൽ എന്റർപ്രൈസ് താഴെ പറയുന്ന വഴികളിലൂടെ ധനസമാഹരണം നടത്താവുന്നതാണ്. -

i. ഇക്വിറ്റി ഷെയറുകൾ നൽകുന്നതിലൂടെ (മെയിൻ ബോർഡ്, എസ്എംഇ പ്ലാറ്റ് ഫോം , ഇൻവെസ്റ്റേഴ്സ് ഗ്രോത്ത് പ്ലാറ്റ് ഫോം വഴിയോ നൽകാം)
ii. ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെൻറ് ഫണ്ട് , സോഷ്യൽ ഇംപാക്ട് ഫണ്ട് എന്ന നിലയിൽ ഇക്വിറ്റി ഷെയർ പുറപ്പെടുവിക്കുക വഴി
iii. ഡെപ്റ്റ് ഇൻസ്ട്രുമെന്റ് പുറപ്പെടുവിക്കുക വഴി
iv. സെബി ഭാവിയിൽ വ്യക്തമാക്കുന്ന മാർഗങ്ങൾ വഴി

ഇക്വിറ്റി ഷെയറുകൾ പുറപ്പെടുവിക്കുന്നത് മെയിൻ ബോർഡ്, എസ് എം ഇ പ്ലാറ്റ് ഫോം, ഇൻവെസ്റ്റേഴ്സ് ഗ്രോത്ത് പ്ലാറ്റ് ഫോം എന്നിവ വഴിയാണെങ്കിൽ കൂടി സെബി (ഐസിഡിആർ ചട്ടങ്ങൾ) 2018 ഓരോ പ്ലാറ്റ് ഫോമിനും നിശ്ചയിച്ചിരിക്കുന്നത് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം. ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെൻറ് ഫണ്ടിന് വേണ്ടിയുള്ള ഇക്വിറ്റി ഷെയറുകളിലും ഡെബ്റ്റ് സെക്യൂരിറ്റികളിലും സെബി മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്.

## 14. സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് പ്ലാറ്റ്ഫോം വഴി സോഷ്യൽ എന്റർപ്രൈസ് പുറപ്പെടുവിക്കുന്ന സെക്യൂരിറ്റികളിൽ റീട്ടെയിൽ ഇൻവെസ്റ്റർമാർക്ക് നിക്ഷേപിക്കാമോ?

ഉത്തരം.മെയിൻ ബോണ്ടിന് കീഴിൽ ഉള്ള ഫോർ പ്രൊഫിറ്റ് സോഷ്യൽ എന്റർപ്രൈസ് പുറപ്പെടുവിക്കുന്ന സെക്യൂരിറ്റീസിൽ മാത്രമേ റീട്ടെയിൽ ഇൻവെസ്റ്റർമാർക്ക് നിക്ഷേപിക്കാൻ അനുവാദമുള്ളൂ. മറ്റെല്ലാ കേസിലും സോഷ്യൽ എന്റർപ്രൈസസ് പുറപ്പെടുവിക്കുന്ന സെക്യൂരിറ്റികളിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സിനും നോൺ ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സിനും മാത്രമാണ് നിക്ഷേപിക്കാനാകുക. സെബി റഗുലേഷൻ 2018( ക്യാപിറ്റൽ ഇഷ്യുവിനെപറ്റിയും, വെളിപ്പെടുത്തേണ്ട രേഖകൾ സംബന്ധിച്ചും) പ്രകാരം ഒരു റീട്ടെയിൽ വ്യക്തിഗത നിക്ഷേപകൻ എന്ന് പറയുന്നത് രണ്ട് ലക്ഷത്തിൽ കുറയാത്ത മൂല്യമുള്ള നിർദ്ദിഷ്ട സെക്യൂരിറ്റീസിന് വേണ്ടി അപേക്ഷ നൽകിയിട്ടുള്ളവനോ അവ ബിഡ് ചെയ്തിരിക്കുന്നവനോ ആയിരിക്കും. റീട്ടെയിൽ വ്യക്തിഗത നിക്ഷേപനെന്നോ യോഗ്യതയുള്ള ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകനെന്നോ

നിർവചിക്കാതെ നോൺ - ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകനെ വേർതിരിച്ച് നിക്ഷേപകൻ എന്ന നിലയിൽ നിർവചിച്ചിരിക്കുന്നു.

15. **ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷന് ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെൻറ് ഫണ്ടിലേക്ക് ഇക്വിറ്റി ഷെയർ പുറപ്പെടുവിക്കാനാകുമോ?**

ഉത്തരം. ആകും. അൺലിസ്റ്റ് ചെയ്തിട്ടുള്ള ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷന് ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെൻറ് ഫണ്ടിന് വേണ്ടി ഇക്വിറ്റി ഷെയർ പുറപ്പെടുവിക്കാനാവും.

16. **യോഗ്യത കൽപ്പിക്കപ്പെട്ടിരിക്കുന്ന പ്രവർത്തനങ്ങളാണ് കഴിഞ്ഞ വർഷം 67 ശതമാനം ഞാൻ നടത്തിയിരിക്കുന്നത് , എന്നാൽ തൊട്ട് മുൻപുള്ള മൂന്ന് വർഷത്തെ ശരാശരി പ്രവർത്തനങ്ങൾ യോഗ്യമായ പ്രവർത്തനങ്ങളുടെ 67 ശതമാനത്തിൽ താഴെയുമാണെങ്കിൽ രജിസ്റ്റർ ചെയ്യാനാകുമോ?**

ഉത്തരം.ഇല്ല, രജിസ്ട്രേഷന് വേണ്ടി അപേക്ഷിക്കാനോ എസ്എസ്ഇ ലിസ്റ്റിങിനോ സാധിക്കില്ല. മൂന്ന് വർഷത്തെ പ്രവർത്തനങ്ങളുടെ ശരാശരി കണക്കാക്കുമ്പോൾ 67 ശതമാനമോ അതിന് മുകളിലോ പ്രവർത്തനങ്ങൾയോഗ്യമായ പ്രവർത്തനങ്ങളായിരിക്കണം.

17. **കോർപറേറ്റ് സ്ഥാപനങ്ങളുടെ പ്രോമോട്ടർമാർ മുൻ കൈ എടുത്ത് രൂപീകരിച്ച എൻപിഒകൾ അപേക്ഷിക്കാൻ യോഗ്യരാണോ?**

ഉത്തരം. എൻപിഒയുടെ ധനസമാഹരണത്തിൻറെ 50 ശതമാനത്തിലേറെ ആ കോർപറേറ്റിനെ ആശ്രയിച്ചാണെങ്കിൽ അപേക്ഷിക്കാൻ യോഗ്യമല്ല.

## എൻപിഒ രജിസ്ട്രേഷൻ

18. **സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായിഎൻപിഒകൾ മൂന്ന് വർഷം പ്രവർത്തിച്ചിരിക്കേണ്ടതുണ്ടോ?**

ഉത്തരം. ഉണ്ട്, നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ സോഷ്യൽ

സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് മൂന്ന് വർഷം പ്രവർത്തിക്കണമെന്നത് നിർബന്ധമാണ്.

19. **മൂന്ന് വർഷമായി പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുന്നതിന് എന്ത് തെളിവാണ് എൻപിഒകൾ കാണിക്കേണ്ടി വരുന്നത്?**

ഉത്തരം.സെർട്ടിഫിക്കറ്റ് ഓഫ് ഇൻകോർപറേഷൻ, മൂന്ന് വർഷത്തെ ഓഡിറ്റ് ചെയ്യപ്പെട്ട ഫിനാൻസ് സ്റ്റേറ്റ്മെൻറ് എന്നിവയാണ് എൻപിഒ മൂന്ന് വർഷമായി പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാനായി ഹാജരാക്കേണ്ടി വരിക.

20. **എൻജിഒ ദർപൺ പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത എൻപിഒകൾക്ക് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യാനാകുമോ?**

ഉത്തരം. ഇല്ല, എൻപിഒകൾ എൻജിഒ ദർപൺ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്.

21. **രജിസ്ട്രേഷന് വേണ്ടി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ ആരാണ് സാക്ഷ്യപ്പെടുത്തേണ്ടത് ?**

ഉത്തരം. ആവശ്യമായ രേഖകൾ സാക്ഷ്യപ്പെടുത്തേണ്ടത് സിഇഒയാണ്. അല്ലെങ്കിൽ ഗവേണിങ് ബോഡിയിൽ നിന്ന് അധികാരപ്പെടുത്തിയ രണ്ട് പേരുടെ സാക്ഷ്യപ്പെടുത്തലാവശ്യമാണ്.

22. **എസ്എസ്ഇയിൽ ഒരു എൻപിഒ രജിസ്റ്റർ ചെയ്താൽ , നിക്ഷേപ സമാഹരണത്തിനായി യാതൊരു ഇൻസ്ട്രുമെൻറും ലിസ്റ്റ് ചെയ്തില്ലെങ്കിൽ കൂടി എല്ലാ നിബന്ധനകളും പാലിക്കേണ്ടതുണ്ടോ?**

ഉത്തരം. ഉവ്വ്. സെബി(എൽഒഡിആർ) റഗുലേഷൻ 2015ലെ ചട്ടങ്ങളും സർക്കുലറുകളും എൻപിഒകൾ പാലിക്കാൻ ബാധ്യസ്ഥരാണ്.

23. **ഇത് ഇന്ത്യൻ സ്ഥാപനങ്ങൾക്ക് മാത്രമാണോ ബാധകം, അന്താരാഷ്ട്ര എൻപിഒകൾ രജിസ്റ്റർ ചെയ്യാനാകുമോ?**

ഉത്തരം.ഇന്ത്യൻ സ്ഥാപനങ്ങൾക്ക് മാത്രമേ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യാനാകൂ.

24. **ഫോർമൽ ഓർഗനൈസേഷൻ എന്ന നിലയിൽ കോർപറേറ്റ് സ്ഥാപനം തുടങ്ങുന്ന എൻപിഒ എസ്എസ്ഇയിൽ രജിസ്റ്റർചെയ്യാൻ ആഗ്രഹിച്ചാൽ അനുവദിക്കപ്പെടുമോ?**
ഉത്തരം. ഇല്ല, ഭൂരിഭാഗം ധനസമാഹരണവും വരുന്നത് സ്ഥാപിക്കാൻ  കാരണമായിരിക്കുന്ന കോർപറേറ്റിൽ നിന്നാണെങ്കിലോ ഈ കോർപറേറ്റാണ് എൻപിഒയുടെ താത്പര്യങ്ങൾ നിയന്ത്രിക്കുന്നത് എങ്കിലോ  രജിസ്ട്രേഷൻ അനുവദിക്കില്ല.

25. **എസ്എസ്ഇകൾ വഴി  എൻപിഒകൾ മുൻ വർഷം ധനസമാഹരണം നടത്തിയിട്ടില്ല എങ്കിൽ  രജിസ്ട്രേഷൻ അടുത്തവർഷത്തേക്ക് പുതുക്കാൻ സാധിക്കുമോ?**

ഉത്തരം.ഉവ്വ്,എസ്എസ്ഇ വഴി മുൻ വർഷം ധനസമാഹരണം നടത്തിയിട്ടില്ലെങ്കിൽ എൻപിഒകൾക്ക് രജിസ്ട്രേഷൻ അടുത്തവർഷത്തേയ്ക്കായി പുതുക്കാവുന്നതാണ്.

ആവശ്യമായ എല്ലാ രേഖകളും നൽകേണ്ടതാണ്.

26. **എസ്ഇ എന്ന നിലയിൽ രജിസ്റ്റർ ചെയ്തെന്ന് വിചാരിക്കുക. തുടർന്നുള്ള ഒരു ഘട്ടത്തിൽ ഏതെങ്കിലും മാനദണ്ഡം പാലിക്കാനാകാതെ വന്നാൽ എന്ത് അനന്തരഫലമാണ് നേരിടേണ്ടി വരിക?**

ഉത്തരം. ലിസ്റ്റ് ചെയ്യപ്പെട്ട മറ്റ് സ്ഥാപനങ്ങളെ പോലെ ചട്ടങ്ങളോ നിയമാവലികളിലേതെങ്കിലുമോ പാലിക്കപ്പെടാതെ വന്നാൽ സെബിക്ക് നടപടികളെടുക്കാനുള്ള അധികാരമുണ്ട്. നടത്തിപ്പ് സംബന്ധിച്ച് മുന്നറിയിപ്പ്, പിഴ ചുമത്തൽ, എന്നിവ ചാപ്റ്റർ VIA, സെബി ആക്ട് പ്രാകരം ചെയ്യാവുന്നതാണ്,  സെബി ആക്ട്  സെഷൻ 11 പ്രകാരം പഴയോ വിലക്കോ നേരിടേണ്ടിവരാം.

## സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ്

27. **ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ് പുറപ്പെടുവിക്കാൻ**

**സാധിക്കുന്നവയാണോ ?**

ഉത്തരം.ഇല്ല.സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർചെയ്ത നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷന് മാത്രമേ പുറപ്പെടുവിക്കാനാവൂ.

**28. ഏത് തരം നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷനുകളാണ് സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ് പുറപ്പെടുവിക്കാൻ സാധിക്കുന്നവ? -**

ഉത്തരം. താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്ന നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷന് സീറോകൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ് പുറപ്പെടുവിക്കാം:

i. നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കണം. കൂടാതെ
ii. പ്രത്യേക പ്രൊജക്റ്റിന് നിശ്ചിതകാലാവധിയിൽ നിശ്ചിത സമയത്ത് പൂർത്തീകരിക്കുന്നതിന് വേണ്ടി മാത്രമേ സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ് പുറപ്പെടുവിക്കാനാവൂ. കൂടാതെ
iii. സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ് പുറപ്പെടുവിക്കുന്ന പ്രത്യേക പ്രൊജക്റ്റ് സെബി (ഐസിഡിആർ) റഗുലേഷൻ 2018 292ഇയ്ക്ക് കീഴിൽ വരുന്ന പ്രവർത്തനങ്ങളോ പദ്ധതികളോ ആയിരിക്കണം.

**29. നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷനുകൾക്ക് സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ് പ്രത്യേക വിഭാഗത്തിന് വേണ്ടിയുള്ള പ്രൈവറ്റ് ഇഷ്യുൻസ് നടത്താനാകുമോ?**

ഉത്തരം. ആകും. സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ രജിസ്റ്റർചെയ്തിരിക്കുന്ന നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷനുകൾക്ക് സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ്പ്രത്യേക വിഭാഗത്തിന് വേണ്ടിയുള്ള പ്രൈവറ്റ് ഇഷ്യുൻസ് നടത്താനാകും. സെക്യൂരിറ്റി ആൻറ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെൻറ് ഫണ്ട്) റഗുലേഷൻ 2012 വ്യവസ്ഥകൾക്ക് വിധേയമായി സോഷ്യൽ

ഇംപാക്ട് ഫണ്ടിന് വേണ്ടിയാണ് ഇത് സാധ്യമാകുക.

**30. നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻസ് സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെന്റിന്റെ പബ്ലിക് ഇഷ്യൂൻസ് നടത്തുന്നതിനുള്ള നടപടിക്രമം എന്താണ്?**

ഉത്തരം.

i. ധനസമാഹരണത്തിനുള്ള കരട് രേഖ നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ രജിസ്റ്റർ ചെയ്തിരിക്കുന്ന സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ സമർപ്പിക്കണം.ഇതോടൊപ്പം നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഫീസും സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ് ലിസ്റ്റ് ചെയ്യുന്നതിന് തത്വത്തിലുള്ള അനുമതിക്ക് വേണ്ടിയുള്ള അപേക്ഷയും നൽകേണ്ടതാണ്.

ii. ധനസമാഹരണത്തിനുള്ള കരട് രേഖ 21 ദിവസമെങ്കിലും സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് വെബ്സൈറ്റിൽ പൊതുജനങ്ങളുടെ അഭിപ്രായമറിയുന്നതിന് പ്രസിദ്ധീകരിച്ച് ലഭ്യമാക്കിയിരിക്കണം.

iii. സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് ആവശ്യമെങ്കിൽ നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷനുകളിൽ നിന്ന് വിശദീകരണം തേടിയേക്കാം.

iv. ധനസമാഹരണത്തിനുള്ളരേഖ സമർപ്പിച്ചതിനോ ആവശ്യമായ വിശദീകരണം സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് തേടുകയോ ചെയ്തതിന്30 ദിവസത്തിനകം ഏതാണ് ആദ്യമെങ്കിൽ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷന് കരട് രേഖയിന്മേലുള്ള അഭിപ്രായം അറിയിക്കും. .

v. നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ നിരീക്ഷണങ്ങളുമായി സഹകരിച്ച് കൊണ്ട് അന്തിമ ധനസമാഹരണ രേഖ സമർപ്പിക്കേണ്ടതുണ്ട്..

ഇതേ നടപടി ക്രമം തന്നെയാണ് സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറിന്റെ പ്രൈവറ്റ് ഇഷ്യൂൻസിനും പിന്തുടരേണ്ടത്.

**31. സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ് ഫിസിക്കൽ ഫോമിൽ നൽകാൻ കഴിയുമോ?**

ഉത്തരം. ഇല്ല. സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറ്

ഫിസിക്കൽ ഫോമിൽ നൽകാൻ കഴിയില്ല.

**32. ഇഷ്യു ചെയ്യാവുന്ന സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെൻറിന് പരിധിയുണ്ടോ?**

ഉത്തരം.സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെന്റ് ഏറ്റവും കുറഞ്ഞത് ഒരു കോടി രൂപയ്ക്ക് വേണം പുറപ്പെടുവിക്കാൻ. അപേക്ഷയുടെ മൂല്യം ഏറ്റവും കുറഞ്ഞത് രണ്ട് ലക്ഷം രൂപയുടേതായിരിക്കും.

**33. സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെന്റ് വിജയകരമാകുന്നതിന് ഏറ്റവും കുറഞ്ഞത് എത്ര സബ്സ്ക്രിപ്ഷൻ വേണ്ടി വരും?**

സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെന്റ് വഴി സമാഹരിക്കാൻ ഉദ്ദേശിച്ച തുകയുടെ 75 ശതമാനം സബസ്ക്രിപ്ഷൻ ലഭിക്കേണ്ടതുണ്ട്.

**34. സോഷ്യൽ എന്റർപ്രൈസുകൾക്ക് സീറോകൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെന്റ് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിന്ന് റദ്ദാക്കാമോ ?**

ഉത്തരം. സോഷ്യൽ എന്റർപ്രൈസുകൾക്ക് സീറോകൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെന്റ്സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിന്ന് താഴെ പറയുന്ന സാഹചര്യത്തിൽ റദ്ദാക്കാം-

i. ധനസമാഹരണം നടത്തുന്നതിൻറെ ലക്ഷ്യം കൈവരിച്ച് കഴിഞ്ഞാൽ അത് സംബന്ധിച്ച സർട്ടിഫിക്കറ്റ് സമർപ്പിച്ച് റദ്ദാക്കാം അല്ലെങ്കിൽ ,
ii. ധനസമാഹരണം നടത്തുന്നതിൻറെ ലക്ഷ്യ പ്രാപ്തിയ്ക്കുള്ള സമയം ധനസമാഹരണ രേഖയിൽ വ്യക്തമാക്കിയിട്ടുള്ളത് പ്രകാരം കാലാവധി അവസാനിക്കുമ്പോൾ റദ്ദാക്കാം.

**35. സോഷ്യൽ എന്റർപ്രൈസസ് ലിസ്റ്റ് ചെയ്തിരിക്കുന്ന ഇൻസ്ട്രുമെന്റുകൾ സെക്കൻഡറി മാർക്കറ്റിൽ**

**വിറ്റഴിക്കാമോ?**

ഉത്തരം. നോട്ട് ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷൻസ് പുറപ്പെടുവിച്ച ഇൻസ്ട്രുമെന്റുകൾ സെക്കൻഡറി മാർക്കറ്റിൽ വിറ്റഴിക്കാൻ സാധിക്കില്ല. എന്നാൽ ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷന്റെഇൻസ്ട്രുമെന്റുകൾ സെക്കൻഡറി വിപണിയിൽ അവ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്ന പ്ലാറ്റ് ഫോമുകൾക്ക് അനുസൃതമായി ലഭ്യമാകും.

## സോഷ്യൽ ഓഡിറ്ററും സോഷ്യൽ ഇംപാക്ട് അസസ്മെൻറും

### 36. എന്താണ് സോഷ്യൽ ഓഡിറ്റ്?

ഉത്തരം. സോഷ്യൽ എന്റർപ്രൈസസ് നടപ്പിലാക്കിയ ഒരു പ്രൊജക്ടിന്റെ സാമൂഹ്യമായ പ്രഭാവത്തെ സ്വതന്ത്രമായി നിർണയിക്കുന്നതാണ് സോഷ്യൽ ഓഡിറ്റ്. ഇത് കാഴ്ച്ചപ്പാടും യാഥാർത്ഥ്യവും തമ്മിലും കാര്യക്ഷമതയും ഫലപ്രാപ്തിയും തമ്മിലുള്ള പൊരുത്തക്കേട് കുറച്ച് കൊണ്ട് വരാൻ സഹായിക്കുന്നതാണ്.

**37. എന്താണ് സോഷ്യൽ ഓഡിറ്റ് ഫേം?**

മൂന്ന് വർഷത്തെ പ്രവർത്തി പരിചയമുള്ള സോഷ്യൽ ഓഡിറ്റർമാരുടെ സ്ഥാപനമാണ് സോഷ്യൽ ഓഡിറ്റ് ഫേം.

**38. ആരാണ് ഓഡിറ്ററായി പ്രവർത്തിക്കേണ്ടത്?**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ട്സിന് കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളുള്ള വ്യക്തികൾ. അല്ലെങ്കിൽ സെബി പ്രത്യേകം പറഞ്ഞിരിക്കുന്ന ഏജൻസികൾ. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെക്യൂരിറ്റീസ് മാർക്കറ്റ് നടപ്പാക്കിയ സെർട്ടിഫിക്കേഷൻ പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയവരും യോഗ്യതാ സർട്ടിഫിക്കറ്റ് ഉള്ളവർക്കും സോഷ്യൽ ഓഡിറ്റർ ആകാം.

**പൊതുവായവ**

**39 . എൻപിഒകളുടെ രജിസ്ട്രേഷനും വിപണിയിൽ നിന്നുള്ള ധനസമാഹരണത്തിനും ഇടയിൽ കുറഞ്ഞത് എത്ര സമയം അനുവദിക്കുന്നുണ്ട്. അല്ലെങ്കിൽ അത്തരത്തിലൊരു സമയപരിധി ധനസമാഹരണത്തിനും രജിസ്ട്രേഷനും ഇടയിലുണ്ടോ ?**

ഉത്തരം . ഇല്ല , എൻപിഒകളുടെ രജിസ്ട്രേഷനും വിപണിയിൽ നിന്നുള്ള ധനസമാഹരണത്തിനും ഇടയിൽ സമയ പരിധി പറയുന്നില്ല.

**40.ധനസമാഹരണത്തിനുള്ള കരട് രേഖ തയ്യാറാക്കാൻ മർച്ചൻറ് ബാങ്കറെ നിശ്ചയിക്കേണ്ടതുണ്ടോ?**

ഉത്തരം.ആവശ്യമില്ല

**41.ധനസമാഹരണത്തിന്റെ കരട് രേഖയിന്മേൽ എസ്എസ്ഇ നൽകുന്ന നിരീക്ഷണത്തിന് കാലവധിയുണ്ടോ?**

ഉത്തരം. ധനസമാഹരണത്തിന്റെ കരട് രേഖയിന്മേൽ എസ്എസ്ഇ നൽകുന്ന നിരീക്ഷണത്തിന് ആറ് മാസത്തെ കലാവധിയാണുള്ളത്.

**42.എൻപിഒകൾ സമാഹരിക്കുന്ന തുക ഗ്രാന്റോ വായ്പയോ?**

ഉത്തരം. എൻപിഒകൾ സമാഹരിക്കുന്ന തുക ഗ്രാന്റ് എന്ന നിലയിലുള്ളതാണ്.

**43. സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൽ ഇൻസ്ട്രുമെന്റിന്റെ പ്രൈവറ്റ് പ്ലേസ്‌മെൻറ് സെബി എഐഎഫ്എസ് റഗുലേഷന് കീഴിലുള്ള സോഷ്യൽ ഇംപാക്ട് ഫണ്ടിന് അല്ലാതെ മറ്റാർക്കെങ്കിലും വേണ്ടി പുറപ്പെടുവിക്കാൻ കഴിയുമോ?**

ഉത്തരം. കഴിയും, സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെന്റിന്റെ പ്രൈവറ്റ് പ്ലേസ്മെൻറ് സെബി എഐഎഫ്എസ് റഗുലേഷന് കീഴിലുള്ള സോഷ്യൽ ഇംപാക്ട് ഫണ്ടിനെ കൂടാതെ മറ്റാർക്ക് വേണ്ടിയും പുറപ്പെടുവിക്കാൻ കഴിയും.

**44. സോഷ്യൽ ഇംപാക്ട് ഫണ്ടിന് വേണ്ടിയുള്ള സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെന്റിന്റെ പ്രൈവറ്റ് പ്ലേസ്മെൻറ് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിർബന്ധമായും ലിസ്റ്റ് ചെയ്യേണ്ടതുണ്ടോ?**

ഉത്തരം. ഉണ്ട്, സോഷ്യൽ ഇംപാക്ട് ഫണ്ടിന് വേണ്ടിയുള്ള സീറോ കൂപ്പൺ സീറോ പ്രിൻസിപ്പൾ ഇൻസ്ട്രുമെന്റിന്റെ പ്രൈവറ്റ് പ്ലേസ്മെൻറ് സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിർബന്ധമായും ലിസ്റ്റ് ചെയ്യണം.

**45. സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ് പുറപ്പെടുവിച്ചിരിക്കുന്ന പദ്ധതിക്ക് വേണ്ടിയുള്ള പൂർണ്ണ ധനസമാഹരണം എസ്എസ്ഇ വഴി തന്നെ നടത്തേണ്ടതുണ്ടോ, എസ്എസ്ഇ സംവിധാനത്തിന് പുറത്ത് നിന്ന് ധനസമാഹരണം നടത്താനാകുമോ?**

ഉത്തരം. സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ് പദ്ധതിക്ക് വേണ്ടിയുള്ള ധനസമാഹരണം എസ്എസ്ഇ വഴി തന്നെ നടത്തണം. ഏതാനും ധനസമാഹരണം പുറത്ത് നിന്നും നടത്താനാകും. നിർദേശിക്കപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

**46. എൻജിഒകളോ എൻപിഒകളോ വിദേശ സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളായ നോൺ റസിഡൻറ് ദാതാക്കളിൽ നിന്നോ ധനസമാഹരണം നടത്തുന്നതിന് എഫ് സി ആർ എ രജിസ്ട്രേഷൻ ആവശ്യമാണോ?**

ഉത്തരം.എസ്എസ്ഇ വഴി വിദേശ നിക്ഷേപകരെ നിലവിൽ അനുവദിക്കുന്നില്ല.

**47. ധനസമാഹരണത്തിന് വേണ്ടി പുറപ്പെടുവിക്കുന്നഒരൊറ്റ ഇൻസ്ട്രുമെന്റിൽ പ്രാദേശികമായ ധനസമാഹരണവും വിദേശ ധനസഹായവും എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്.**

**എൻആർഐ/വിദേശ നിക്ഷേപകർക്ക് മറ്റൊരു ഇൻസ്ട്രുമെന്റ് പുറപ്പെടുവിക്കുന്നുണ്ടോ?**

ഉത്തരം.നിലവിൽ  വിദേശ നിക്ഷേപങ്ങൾ സ്വീകരിക്കുന്നില്ല.

**48. ഒരു പ്രൊജക്ടിന് വേണ്ടിയുള്ള പ്രോപ്പോസൽ എൻപിഒ തയ്യാറാക്കി കഴിഞ്ഞാൽ എങ്ങനെയാണ് ധനസമാഹരണം നടത്തുക നിക്ഷേപകർ പ്രൊജക്ട് പ്രോപ്പോസൽ പരിശോധിച്ച് എൻപിഒയെ സമീപിക്കുകയാണോ എൻപിഒകൾ പിന്തുണയ്ക്കായി നിക്ഷേപകരെ അന്വേഷിക്കുകയാണോ ചെയ്യുന്നത്?**

ഉത്തരം.എസ്എസ്ഇ മാർക്കറ്റിങ്ങിൽ യാതൊരു പങ്കും വഹിക്കുന്നില്ല.

**49. നിക്ഷേപകരെ ഡോണർ അഥവാ ദാതാവ് എന്ന നിലയിൽ പരിഗണിക്കുമോ? എങ്ങനെയാണ് സ്വീകരിക്കുന്ന ധനസഹായത്തെ കണക്കിൽപ്പെടുത്തുന്നത് ?**

ഉത്തരം.അതെ. നിക്ഷേപകരെ ദാതാവ് എന്ന നിലയിൽ പരിഗണിക്കുന്നു. സാധാരണയായി അക്കൗണ്ടിങ്  മാനദണ്ഡങ്ങൾ പ്രകാരമാണ് സ്വീകരിക്കുന്ന ധനസഹായത്തെ കണക്കാക്കുന്നത്.

**50. സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ് പൂർണമായി സബ്സ്ക്രൈബ് ചെയ്തില്ലെങ്കിൽ എന്ത് സംഭവിക്കും?**

ഉത്തരം. ഇക്കാര്യം ഓഫർ ഡോക്യുമെൻറിൽ  പ്രത്യേകം പറഞ്ഞിരിക്കേണ്ടതാണ്. വ്യാപകമായ നിബന്ധനകൾക്ക് വിധേയമാണിത്.

**51. കൈവശമുള്ള സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ് വിറ്റഴിക്കാനാകുമോ  ?**

ഉത്തരം . സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ് വിറ്റഴിക്കാൻ അനുവദിക്കുന്നില്ല. എന്നാൽ അവ അനന്തരാവകാശിക്ക് കൈമാറുന്നത് പോലുള്ള  ഇടപാടുകൾക്ക് അനുമതിയുള്ളവയാണ്.  .

**52. സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ് സെക്യൂരിറ്റി ട്രാൻസാക്ഷൻ ടാക്സിന് വിധേയമാണോ?**

ഉത്തരം .അല്ല ,സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ് സെക്യൂരിറ്റി ട്രാൻസാക്ഷന് വിധേയമല്ല.

**53.ലിസ്റ്റ് ചെയ്യപ്പെട്ട എൻപിഒകൾക്ക് ഒരു പ്രൊജക്ടിന് അധിക ധനസമാഹരണത്തിന്  മറ്റൊരു സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ്  പുറപ്പെടുവിക്കാനാകുമോ ?**

ഉത്തരം .ലിസ്റ്റ് ചെയ്യപ്പെട്ട എൻപിഒകൾക്ക് ഒരു പ്രൊജക്ടിന് അധിക ധനസമാഹരണത്തിന്  മറ്റൊരു സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ്പുറപ്പെടുവിക്കാനാക്കാൻ സാധിക്കും.

**54.ലിസ്റ്റ് ചെയ്യപ്പെട്ട എൻപിഒകൾക്ക് ഒന്നിലേറെ പ്രൊജക്ടുകൾക്ക് വിവിധങ്ങളായ സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ്പുറപ്പെടുവിച്ച് ഓരോന്നിനുമായി ധനസമാഹരണം നടത്താൻ സാധിക്കുമോ**

ഉത്തരം.ഉവ്വ്, ലിസ്റ്റ് ചെയ്യപ്പെട്ട എൻപിഒകൾക്ക് ഒന്നിലേറെ പ്രൊജക്ടുകൾക്ക് വിവിധങ്ങളായ സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ്പുറപ്പെടുവിച്ച് ഒരു പ്രൊജക്ടിന് ഒരു സീറോ കൂപ്പൺ സീറോ പ്രിൻസിപ്പാൾ ഇൻസ്ട്രുമെന്റ് എന്ന നിലയിൽ ധനം സമാഹരിക്കാം.

**55. പേ ഫോർ സക്സസ് ഫണ്ടിങ് ഘടനയിൽ സോഷ്യൽ ഇംപാക്ട് ബോണ്ടുകളും ഡവലപ്മെൻറ് ഇംപാക്ട് ബോണ്ടുകളും എൻപിഒകൾക്ക് പുറപ്പെടുവിക്കാൻ കഴിയുമോ ?**

ഉത്തരം. ഉവ്വ്,  എൻപിഒകൾക്ക്  സോഷ്യൽ ഇംപാക്ട് ബോണ്ടുകളും, ഡവലപ്മെൻറ് ഇംപാക്ട് ബോണ്ടകളും പുറപ്പെുവിക്കനാവും.

**56.രജിസ്റ്റർ ചെയ്യപ്പെട്ട എൻപിഒകൾ സോഷ്യൽ സ്റ്റോക്ക് എക്സ് ചേഞ്ചിന് പുറത്ത് നിന്ന് സമാഹരിക്കുന്ന ധനത്തിന്റെ വിവരങ്ങൾ എൽഒഡിആറിന്റെ ഭാഗമായുള്ള ആനുവൽ ഡിസ്ക്ലോഷറിൽ വിശദീകരിക്കണ്ടി വരുമോ?**

ഉത്തരം.ഉവ്വ്,രജിസ്റ്റർ ചെയ്യപ്പെട്ട എൻപിഒകൾ സോഷ്യൽ സ്റ്റോക്ക് എക്സ് ചേഞ്ചിന് പുറത്ത് നിന്ന് സമാഹരിക്കുന്ന ധനത്തിന്റെ വിവരങ്ങൾ എൽഒഡിആറിന്റെ ഭാഗമായുള്ള ആനുവൽ ഡിസ്

ക്ലോഷറിൽ വിശദീകരിക്കണ്ടിവരും.

**57.സീറോ കൂപ്പൺ സീറോ പ്രിൻസിപൽ ഇൻസ്ട്രുമെന്റ് റദ്ദാക്കുന്നത് ഡീലിസ്റ്റിങ്ങിന് സമാനമാണോ?**

ഉത്തരം.അതെ ,സീറോ കൂപ്പൺ സീറോ പ്രിൻസിപൽ ഇൻസ്ട്രുമെന്റ് റദ്ദാക്കുന്നത് ഡീലിസ്റ്റിങ്ങിന് സമാനമാണ്.

**നിക്ഷേപകർ**

**58.കൂടുതൽ ധനസമാഹരണത്തിന് കോർപറേറ്റുകൾ നടത്തേണ്ട രജിസ്ട്രേഷൻ നടപടികളെന്താണ്?**

ഉത്തരം.കോർപറേറ്റുകൾ സാധാരണ നിക്ഷേപകർക്കുള്ള രജിസ്ട്രേഷൻ നടപടികൾ  പിന്തുടരാവുന്നതാണ്.

**59.എഫ്ഐഐ, എഫ് പിഐ പോലുള്ള വിദേശ നിക്ഷേപകർക്കോ എൻ ആർ ഐ നിക്ഷേപകർക്കോ എൻപിഒ ധനസമാഹരണത്തിൽ നിക്ഷേപം നടത്താമോ?**

ഉത്തരം. ഇല്ല എഫ്ഐഐ, എഫ് പിഐ പോലുള്ള വിദേശ നിക്ഷേപകർക്കോ എൻ ആർ ഐ നിക്ഷേപകർക്കോ എൻപിഒ ധനസമാഹരണത്തിൽ നിക്ഷേപം നടത്താൻ അനുമതിയില്ല